# നീരയ്ക്കായുള്ള ആദ്യ പ്ലാന്റിന് കൊല്ലത്ത് തറക്കല്ലിട്ടു

കൊച്ചി: സംസ്ഥാനസർക്കാരിന്റെ 'ഫ്ലാഗ്ഷിപ്പ്' പരിപാടികളിൽ ഉൾപ്പെട്ടിട്ടുള്ള നീരയുത്പാദന-സംസ്കരണ പദ്ധതികളുടെ വിജയത്തിനായി എല്ലാവിധ പിന്തുണയും നൽകുമെന്ന് മന്ത്രി കെ. ബാബു പറഞ്ഞു. സംസ്ഥാനത്തെ ആദ്യ നീര സംസ്കരണ പ്ലാന്റിന്റെ ശിലാസ്ഥാപനം കൊല്ലം കടപ്പതോട്ടം മുഖത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. നീര ഉത്പാദനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും തെങ്ങുകൾ മാർക്ക് ചെയ്യുന്നതിന് അനുസരിച്ച് എക്സൈസ് വകുപ്പ് ലൈസൻസ് നൽകുമെന്നും അദ്ദേഹം പറഞ്ഞു.

ശിലാസ്ഥാപനത്തോട് അനുബന്ധിച്ച് നടന്ന സമ്മേളനം കൊടിക്കുന്നിൽ സുരേഷ് എം.പി ഉദ്ഘാടനം ചെയ്തു. നീരയുത്പന്നങ്ങളുടെ ലോഗോ പ്രകാശനം മന്ത്രി ഷിബു ബേബി ജോൺ നിർവഹിച്ചു. കോവൂർ കുഞ്ഞുമോൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. എൻ.കെ. പ്രേമചന്ദ്രൻ എം.പി., ഹോർട്ടികോർപ്പ് ചെയർമാൻ ലാൽ വർഗീസ്, നീര കമ്മിറ്റി മെമ്പർ ബാബു ജോസഫ്, നളികേര വികസന ബോർഡ് ചീഫ് കോക്കനെട്ട് ഡെലവപ്മെന്റ് ഓഫീസർ സുഗതഘോഷ് തുടങ്ങിയവർ സംബന്ധിച്ചു.

ഇരുപത് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നീര പ്ലാന്റിന്റെ നിർമ്മാണം രണ്ടുമാസംകൊണ്ട് പൂർത്തിയാക്കുമെന്നും ജൂലായ് അവസാനവാരം കമ്പനിയിൽ നിന്ന് ബ്രാൻഡഡ് നീര ഉത്പന്നങ്ങൾ വിപണിയിലെത്തുമെന്നും കൊല്ലം കൈപ്പുഴ നാളികേര ഉത്പാദക കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ പറഞ്ഞു. നീര, നീര അനുബന്ധ ഉത്പന്നങ്ങൾ, നാളികേരത്തിൽ നിന്നുള്ള എഡിബിൾ ഓയിൽ, ഹെയർ ടോണിക്, പായ്ക്കറ്റിലാക്കിയ കരിക്ക്‌വെള്ളം, നാളികേര ക്രീം, നാളികേരപ്പൊടി, ബിസ്കറ്റ്, ചോക്ലേറ്റ്, ഐസ്ക്രീം, ജാം എന്നിവയുടെ ഉത്പാദനമാണ് പ്ലാന്റിലൂടെ ലക്ഷ്യമിടുന്നത്.